# ഭാഗം 1

മലയാളഭാഷയും സാഹിത്യവും പിന്നിട്ട പടവുകളെക്കുറിച്ച് അറിയാൻ ഒരു തിരിഞ്ഞുനോട്ടം ആവശ്യമാണ്. നമുക്ക് കരുത്തുപകർന്ന കാവ്യപാരമ്പര്യത്തിലേക്കു വിരൽ ചൂണ്ടുന്ന ചില പാഠഭാഗങ്ങൾ മുൻ ക്ലാസുകളിൽ പരിചയപ്പെട്ടുവല്ലോ. അവയുടെ സഹായത്തോടെ ഈ ഭാഗത്തെ പാഠങ്ങൾ അപഗ്രഥിക്കാം. ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ എന്നിവരുടെ രചനകളെ അടിസ്ഥാനമാക്കിയാണ് ഈ പഠനം നിർവഹിക്കേണ്ടത്.

ദ്രാവിഡ ഗോത്രത്തിൽപ്പെടുന്ന ഭാഷയാണ് മലയാളം. അതേ ഗോത്രത്തിൽപ്പെട്ട തമിഴ്-കന്നട ഭാഷകളോടുള്ള അടുപ്പം ഗോത്രബന്ധത്തെയാണു സൂചിപ്പിക്കുന്നത്. പ്രാചീനകൃതികളിൽ ഈ അടുപ്പം കൂടുതൽ പ്രകടമാകുന്നു. ഭാഷ വളർന്നപ്പോൾ ഏറെ മാറ്റങ്ങൾ വന്നു. മനുഷ്യർ നിരന്തരം കൈകാര്യം ചെയ്യുന്ന ഭാഷ എപ്പോഴും മാറ്റങ്ങൾക്കു വിധേയമാകുന്നത് സ്വാഭാവികം.

നമ്മുടെ സാഹിത്യചരിത്രത്തിന്റെ ഒരു ഘട്ടത്തിൽ പ്രബലമായിരുന്ന രണ്ടു ധാരകളുണ്ട്. സംസ്കൃതവും മലയാളവും പ്രത്യേകരീതിയിൽ കൂട്ടിയിണക്കി കാവ്യരചന നടത്തുന്ന സമ്പ്രദായമാണ് ഒന്ന്. ഇതിനെ മണിപ്രവാളം എന്നു പറയുന്നു. മറ്റേത് പാട്ട് എന്നാണ് അറിയപ്പെടുന്നത്. തമിഴ് രീതിയാണ് ഇതിന്റെ സവിശേഷത. ഇവയിൽ നിന്നു വ്യത്യസ്തമായ ഭാഷാരീതി പ്രകടിപ്പിക്കുന്ന കൃതികളാണ് ചെറുശ്ശേരിയും എഴുത്തച്ഛനും കുഞ്ചൻ നമ്പ്യാരും രചിച്ചത്. ഇവരുടെ കൃതികൾ ഇന്നത്തെ മലയാളവുമായി കൂടുതൽ അടുത്തുനിൽക്കുന്നു. വ്യത്യസ്തകാലഘട്ടങ്ങളിലാണ് ജീവിച്ചിരുന്നതെങ്കിലും ഇവരെ പൊതുവായി പ്രാചീനകവിത്രയം എന്നു വിളിച്ചുപോരുന്നു.

കൃഷ്ണഗാഥാകാരനായ ചെറുശ്ശേരിയാണ് ഇവരിൽ മുൻഗാമി. ലളിതമായ മലയാളത്തിൽ കൃഷ്ണകഥ വിവരിക്കുന്ന ചെറുശ്ശേരിയുടെ കാവ്യം വർണനകളിലെ സൗകുമാര്യംകൊണ്ട് ഹൃദ്യമാണ്. രാമായണ-മഹാഭാരതങ്ങൾ കിളിപ്പാട്ടു രീതിയിൽ അവതരിപ്പിച്ച എഴുത്തച്ഛൻ കേരളത്തിൽ ഭക്തിപ്രസ്ഥാനത്തിന് അടിത്തറ പാകി. ഭക്തിയും തത്ത്വചിന്തയും പ്രചരിപ്പിച്ച് സമൂഹത്തിൽ നിലനിന്നിരുന്ന തെറ്റായ പ്രവണതകളെ നീക്കാൻ എഴുത്തച്ഛൻ പരിശ്രമിച്ചു. അതിന് പ്രൗഢമായ ഭാഷതന്നെ തിരഞ്ഞെടുക്കേണ്ടതുണ്ടെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അങ്ങനെ എഴുത്തച്ഛൻ മലയാളഭാഷയുടെ പിതാവായിത്തീർന്നു. കുഞ്ചൻനമ്പ്യാരുടെ സാഹിത്യം കൂടുതൽ ജനകീയമായിരുന്നു. തുള്ളൽ എന്ന കലാരൂപത്തിനു വേണ്ടിയാണ് അദ്ദേഹം മുഖ്യമായും സാഹിത്യരചന നിർവഹിച്ചത്. ഫലിതപരിഹാസങ്ങൾകൊണ്ട് കേരളീയരെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യാൻ നമ്പ്യാർക്കു കഴിഞ്ഞു. സാമൂഹിക പരിഷ്കരണത്തിനുള്ള ആയുധമായിരുന്നു നമ്പ്യാർക്കു കവിത. പുരാണകഥകൾക്ക് കേരളീയ പശ്ചാത്തലം നൽകി അവതരിപ്പിച്ച തുള്ളൽസാഹിത്യം ആരെയും രസിപ്പിക്കുന്നതായിരുന്നു. പുരാണകഥകൾക്ക് പുതിയ മാനം നൽകാനും ഇതുകൊണ്ടു കഴിഞ്ഞു.

ചെറുശ്ശേരിയുടെയും കുഞ്ചൻനമ്പ്യാരുടെയും കാവ്യഭാഗങ്ങളും എഴുത്തച്ഛന്റെ കവിതയെക്കുറിച്ചുള്ള പഠനവുമാണ് ഇവിടെ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഈ ഭാഗം പഠിക്കുന്നതിലൂടെ താഴെ പറയുന്ന ഭാഷാപരമായ കഴിവുകൾ നിങ്ങൾക്കുണ്ടാകേണ്ടതാണ് :

- ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ എന്നിവരുടെ കാവ്യങ്ങൾ ഭാവമുൾക്കൊണ്ട് വായിച്ചാസ്വദിക്കുന്നതിന്
- കാവ്യഭാഗങ്ങളിലെ സാമൂഹികവിമർശനം, ഫലിതം തുടങ്ങിയവ കണ്ടെത്തി വിവരിക്കുന്നതിന്
- താളത്തിന്റെ അടിസ്ഥാനത്തിൽ വൃത്തം നിർണയിക്കുന്നതിന്
- വർണനകളുടെ ഔചിത്യം, ആസ്വാദ്യത തുടങ്ങിയവ വിവരിക്കുന്നതിന്
- കാവ്യമാതൃകകളുടെ അടിസ്ഥാനത്തിൽ സാഹിത്യചരിത്രം നിർമിക്കുന്നതിന്
- കവിതയിലെ ഭാഷാരീതി, അലങ്കാരകല്പനകൾ തുടങ്ങിയവ വിവരിക്കുന്നതിന്
- സാഹിത്യത്തിലൂടെ തെളിയുന്ന ജീവിതവീക്ഷണം, തത്ത്വചിന്ത, സാമൂഹികജീവിതം എന്നിവ അപഗ്രഥിക്കുന്നതിന്

# 1. നേരായിത്തീർന്ന കിനാവുകൾ

അമ്പാടിയിലെ കുട്ടിക്കാലം മറന്നു. തോഴരായ ഗോപകുമാരന്മാരും അകലെയായി. ദ്വാരകയിലെ ദിനങ്ങൾ തിരക്കേറിയതായിരുന്നു. അച്ഛനമ്മമാരായി ലാളിച്ചു പോറ്റിയ നന്ദഗോപരെയും യശോദയെയും ഒന്നു കാണാൻ കഴിഞ്ഞെങ്കിലെന്ന് പലപ്പോഴും കൊതിച്ചിട്ടുണ്ട്. അങ്ങനെയിരിക്കെയാണ് സൂര്യഗ്രഹണമുണ്ടാകാൻ പോകുന്നുവെന്ന വാർത്ത പരന്നത്. ഗ്രഹണം കഴിഞ്ഞുള്ള തീർഥസ്നാനം ഒരുത്സവമായി. ഭാർഗവതീർഥത്തിൽ എല്ലാവരും ഒത്തുകൂടി. പാണ്ഡവർ, ഗോപന്മാർ.... നന്ദഗോപരും യശോദയുമുണ്ട്, കൂട്ടത്തിൽ. ആവേശകരമായ കൂടിക്കാഴ്ച.

വൃഷ്ണികളെല്ലാരും പാണ്ഡവന്മാരുമായ്
കൃഷ്ണനെക്കൊണ്ടു പറഞ്ഞുനിന്നാർ.
നന്ദൻ തുടങ്ങിന വല്ലവന്മാരെല്ലാം
നന്നായി നിന്നു ഭുജിച്ചു പിന്നെ
വൃഷ്ണികളോടു കലർന്നുനിന്നീടുന്ന
കൃഷ്ണനെ വന്നതു കേട്ടനേരം
പെട്ടെന്നു പോയവർ ചാരത്തു ചെന്നിട്ടു
തുഷ്ടനായ് നിന്നൊരു നന്ദനപ്പോൾ
ആനകദുന്ദുഭിതന്നെയും പൂണ്ടുനി-
ന്നാനന്ദം പൂകിനാനാദരവിൽ.

ദേവകിതന്നെയും പൂണ്ടുനിന്നങ്ങനെ
മേവിനിന്നോരു യശോദയപ്പോൾ
കണ്ണനെ വന്നതു കണ്ടൊരുനേരത്തു
കണ്ണുനീർ വീഴ്ത്തിയണഞ്ഞു ചെമ്മേ.
കോപിച്ചു പണ്ടുതാൻ കോലുമായ് ചെല്ലുമ്പോൾ
വേപിച്ചു മേവുന്ന മേനിതന്നെ



ചാലെപ്പിടിച്ചങ്ങു പൂണ്ടുനിന്നീടിനാൾ
ബാലനായുള്ളനാളെന്നപോലെ.
"പാരിച്ചുനിന്നുള്ള പാഴമ ചെയ്കയാൽ
പാശത്തെക്കൊണ്ടു പിടിച്ചുകെട്ടി
തിണ്ണം വലിച്ചുമുറുക്കി ഞാൻ നില്ക്കയാൽ
ഉണ്ണിപ്പൂമേനിയിൽ പുണ്ണില്ലല്ലീ?"
എന്നങ്ങു ചൊല്ലിത്തലോടിത്തുടങ്ങിനാൾ
നന്ദജൻ തന്നുടെ മേനിതന്നെ.
എന്മടിതന്നിൽ ഞാൻ നന്നായി വച്ചുകൊ-
ണ്ടെന്മകൻ വാഴ്കെന്നു ചൊല്ലുംനേരം
എന്മുഖം നോക്കീട്ടു പുഞ്ചിരി തൂകുന്ന
നന്മുഖം കാണട്ടെയെന്നു ചൊല്ലി
അമ്മുഖം തന്നെ മുകർന്നു തുടങ്ങിനാൾ
അമ്മയായുള്ള യശോദയപ്പോൾ.
നന്മധു തൂകിവന്നെന്മടിതന്നിലായ്
നന്മുലയുണ്ടു ചിരിക്കും നേരം
തിണ്ണമെന്മാറിലണച്ചുനിന്നീടുന്നോ-
രുണ്ണിക്കൈ കാണട്ടെയെന്നു ചൊല്ലി
മെല്ലെന്നെടുത്തു പുണർന്നുനിന്നീടിനാൾ
പല്ലവം വെല്ലുന്ന പാണി തന്നെ.
എന്നുടെ ചേലയിൽ ചേറു തേച്ചീടിനോ-
രുണ്ണിക്കാൽ കാണട്ടെയെന്നു ചൊല്ലി
സമ്മോദം പൂണ്ടു മുകർന്നുനിന്നീടിനാൾ
തന്മകന്തന്നുടെ പാദങ്ങളെ.
ഇങ്ങനെയോരോരോ വേലകൾ കാട്ടിനാൾ
പൊങ്ങിനിന്നീടുന്ന മോദത്താലേ.
എന്നതു കണ്ടൊരു നന്ദനുമന്നേരം
ചെന്നങ്ങു പൂണ്ടുനിന്നായവണ്ണം
ചിത്തം തെളിഞ്ഞു പറഞ്ഞുനിന്നീടിനാൻ
പുത്രനെക്കണ്ടുള്ള സന്തോഷത്താൽ:
"നിത്യവും കണ്ട കിനാവുകളെല്ലാമേ
സത്യമെന്നിങ്ങനെ ചൊല്ലാമിപ്പോൾ.
മുന്നമെപ്പോലെ വന്നിന്നു ഞാനെന്നുടെ
പൊന്നാരപ്പൈതലെപ്പൂണ്ടേനല്ലോ.
എന്മുതുകേറിനിന്നാനകളിപ്പതി-
നിന്നിനിയാമോ ചൊല്ലുണ്ണിക്കണ്ണാ!
തിങ്കളെച്ചെന്നു പിടിപ്പതിന്നായിട്ടി-
ന്നെങ്കഴുത്തേറുക വേണ്ടാതോ ചൊൽ?
ഓടിവന്നെന്നുടെ നന്മടിതന്നിലായ്
താടി പിടിച്ചു വലിക്കേണ്ടാതോ?"
പ്രേമം പൊഴിഞ്ഞുനിന്നിങ്ങനെയായുള്ളൊ-
രോമന വാർത്തകളോതിയോതി
പിന്നെയും പിന്നെയും പൂണ്ടുനിന്നീടിനാൻ
നന്ദനന്തന്നെയന്നന്ദനപ്പോൾ.
നൽച്ചൊല്ലുകൊണ്ടുടനച്ഛനുമമ്മയ്ക്കും
നൽച്ചെവി രണ്ടും കുളുർപ്പിച്ചപ്പോൾ
ഉൾച്ചൂടുതന്നെയും മെച്ചമേ പോക്കിനാൻ
ഇച്ഛയിൽനിന്നുള്ളൊരച്യുതൻതാൻ.

**കൃഷ്ണഗാഥ]** **[ചെറുശ്ശേരി**

## അവധാരണചോദ്യങ്ങൾ

- യശോദയുടെ ഓർമയിലെത്തുന്ന കൃഷ്ണലീല കൾ എന്തെല്ലാം?
- കൃഷ്ണനെ കണ്ട യശോദയുടെ വാത്സല്യ പ്രകടനം വിവരിക്കുക.
- നന്ദഗോപർ കൃഷ്ണനോടു പറഞ്ഞത് എന്തെല്ലാം?
- അച്ഛനമ്മമാരുടെ വാത്സല്യപ്രകടനം അച്യുതൻ ആസ്വദിച്ചത് എങ്ങനെ?
- സൂര്യഗ്രഹണത്തെത്തുടർന്നുള്ള തീർഥ സ്നാനം ഉത്സവമായി മാറിയത് എങ്ങനെ?

■

# 2. അനശ്വരനായ കവി, കാലാതീതമായ കവിത

"വെട്ടത്തുനാട്ടിൻ നിത്യസൗഭാഗ്യസത്സിന്ദൂര-
പ്പൊട്ടുപോലെഴും തുഞ്ചൻപറമ്പേ, നമസ്കാരം!
കളഗാനത്തോടൊരു തത്തപ്പെൺമണി തത്തി-
ക്കളിച്ച തളിർച്ചെടിപ്പടർപ്പേ, നമസ്കാരം!
ചേണൊക്കും പുതുമലയാൺമതൻ മഹേശ്വരൻ
വാണരുളിയ പുണ്യക്ഷേത്രമേ, നമസ്കാരം!"

വെട്ടത്തുനാടിന്റെ തന്നെ സന്തതിയായ മറ്റൊരു മഹാകവിയാണിങ്ങനെ തുഞ്ചൻപറമ്പിനെ അഭിസംബോധന ചെയ്ത് സാദരനമസ്കാരമരുളുന്നത്. നാലു നൂറ്റാണ്ടു മുമ്പവിടെ ജീവിച്ചിരുന്ന സാധുവും സാത്വികനുമായൊരു മനുഷ്യൻ "പുതുമലയാൺമതൻ മഹേശ്വര"നായിത്തീർന്നു. എഴുത്തച്ഛനു മുമ്പുണ്ടായിരുന്ന മലയാളഭാഷയുടെയും ഭാഷാകവിതയുടെയും സ്ഥിതിക്ക് എഴുത്തച്ഛന്റെ കാലത്ത് എന്തെന്തു മാറ്റങ്ങളാണുണ്ടായത്! ആ മാറ്റങ്ങളിലേക്ക് ഭാഷയെയും കവിതയെയും നയിച്ചത്, ''മുക്കുവത്തരുണിയിൽ പാരാശര്യനെന്ന പോ,ലൊരു ചക്കാലത്തരുണിയിൽ ജാത"നായ ആ ദിവ്യനാണ്.

അവിശ്വസനീയമോ അസാധാരണമോ ആയ സത്യത്തിനു ചുറ്റും മിത്തുകളുടെ പരിവേഷമുണ്ടാകുന്നു. അങ്ങനെ എഴുത്തച്ഛൻ, ശാപംപറ്റി ഭൂമിയിൽ വന്ന ഗന്ധർവനാണെന്നും മറ്റുമുള്ള ഐതിഹ്യങ്ങളുണ്ടായി. എന്നാൽ ''ശ്രീരാമായണഗാനഗന്ധർവ"നെന്ന് എഴുത്തച്ഛനെ വിശേഷിപ്പിച്ച കവി സത്യവാക്കാണെന്നു പറയാനാണ് തോന്നുന്നത്. പലരും രാമായണം പാടി; പക്ഷേ, തുഞ്ചൻ രാമായണം പാടിയപ്പോളത് ഗന്ധർവഗാനമായി എന്നത് ഭംഗിയായിപ്പറഞ്ഞുവച്ചൊരു സത്യം മാത്രമാണ്. തന്നെയുമല്ല, ആ ഗാനധാരയിലൂടെ എഴുത്തച്ഛൻ അനശ്വരനായ കവിയായി നാലു നൂറ്റാണ്ടുകാലമായി കേരളീയ സമൂഹത്തിന്റെ ഹൃദയാകാശത്തിൽ ജ്വലിച്ചു നിൽക്കുന്നു - "മനുഷ്യപത്മേഷു രവിസ്വരൂപം" എന്നാരോ കുറിച്ചിട്ടത് അന്വർഥമാക്കിക്കൊണ്ട്.

മരണപര്യവസിതമായ ജീവിതത്തിനിടയിൽ അസാധാരണമായ ചില കാര്യങ്ങൾ ചെയ്തുവയ്ക്കുന്ന വ്യക്തി യശോരൂപത്തിലുള്ളൊരു മരണാനന്തരജീവിതത്തിനർഹനാകുന്നു. അക്കൂട്ടത്തിൽ കവികളുമുണ്ട്. മഹത്തായ കവിതയുടെ സൃഷ്ടികൊണ്ട് അവർ അനശ്വരതയ്ക്കർഹരാവുന്നു. എന്നാൽ, മഹത്തായ കവിതയെക്കുറിച്ച് ചിന്തിക്കുമ്പോൾ മറ്റൊരു വസ്തുതയിൽ നാം ചെന്നെത്തുന്നു: കവിതയുടെ മഹത്ത്വത്തെ നിർണയിക്കുന്നതിൽ കാവ്യബാഹ്യമായ ചില ഘടകങ്ങളും ഉണ്ടായെന്നു വരാം — ദേശകാലങ്ങളോടും ജനതയുടെ ചരിത്രത്തോടും ബന്ധപ്പെട്ട ചില ഘടകങ്ങൾ. കവിത, കവിതയുടേതായ നിലയിൽത്തന്നെ മഹത്ത്വപ്പെടുന്നതോടൊപ്പം, ദേശകാല ചരിത്രങ്ങളോടു ബന്ധപ്പെട്ട ചില കാരണങ്ങളാലും മഹത്ത്വപ്പെടുന്നു. സൂര്യനു കീഴിൽ സ്വന്തം ഭാഷയും ദേശവും നിലനിൽക്കുന്നിടത്തോളം ആ കവിതയുടെ കർത്താവും യശോരൂപനായി നിലനിൽക്കുമെന്നതിന്റെ ലളിതമായൊരുദാഹരണമാണ് എഴുത്തച്ഛൻ. കാരണം, കേരളത്തിന്റെ സംസ്കാരത്തെ കരുപ്പിടിപ്പിച്ചവരിൽ എഴുത്തച്ഛനുമുണ്ട്; മലയാളഭാഷയെ ഇന്നത്തെ രൂപത്തിൽ ചിട്ടപ്പെടുത്തുന്നതിന് എഴുത്തച്ഛൻ വഹിച്ച പങ്കും നിർവിവാദമാണ്. എഴുത്തച്ഛൻ ഒരേ സമയം വലിയ കവിയും, ആ കവിയെക്കാൾ വലിയൊരു മനുഷ്യനുമാണെന്ന് ആ കൃതികൾ വായിക്കുന്നവർക്ക്, ആ ജീവിതകഥാവശിഷ്ടങ്ങളിലൂടെയെങ്കിലും കണ്ണോടിക്കുന്നവർക്കു തോന്നിപ്പോകും. വെറുതെയല്ല "കൈരളിയുടെ കഥാ"കാരൻ പറഞ്ഞത്: "ചുരുക്കം ചില ഗ്രന്ഥങ്ങൾ 'എന്നെക്കാൾ എത്രയോ മടങ്ങ് മഹത്ത്വമുണ്ട്, എനിക്കു ജന്മം തന്ന മനുഷ്യന്' എന്ന് നമ്മോട് വ്യംഗ്യഭാഷയിൽ വിജ്ഞാപനം ചെയ്യാറുണ്ട്. എഴുത്തച്ഛന്റെ കൃതികളിലൂടെ കടന്നു പോകുമ്പോൾ നാം ആ വിജ്ഞാപനം മുഴങ്ങിക്കേൾക്കുന്നു."

ഈ പ്രസ്താവം എത്രമാത്രം സാധുതയുള്ളതാണെന്ന് മനസ്സിലാക്കണമെങ്കിൽ, എഴുത്തച്ഛന്റെ

കവിതയെ മഹത്ത്വശോഭമാക്കുന്ന കാവ്യബാഹ്യമായ ഘടകങ്ങളെപ്പറ്റി — കാലം, ദേശം, ഭാഷ എന്നിവയോടു ബന്ധപ്പെട്ട ആ ഘടകങ്ങളെപ്പറ്റി - സാമാന്യമായ അറിവുണ്ടാവണം; ആ അറിവുണ്ടായാലും പോരാ, അതിന്റെ പശ്ചാത്തലത്തിൽ ഈ കൃതികളെ വിലയിരുത്താൻ കൂടി കഴിയണം. ഒന്നാമതായി കാലദേശങ്ങളെ സംബന്ധിച്ച കാര്യങ്ങൾ: ചരിത്രത്തിലെ സുവർണയുഗങ്ങളിൽ ജീവിച്ചിരുന്ന ചില കവികളെക്കുറിച്ച് നാം കേട്ടിട്ടുണ്ട്. എന്നാൽ, എഴുത്തച്ഛൻ ജീവിച്ചിരുന്ന പതിനാറാം നൂറ്റാണ്ട് പല നിലയ്ക്കും കേരളത്തിന് കഷ്ടകാലമായിരുന്നു. ഈ സ്ഥിതിവിശേഷത്തെ മുതലെടുത്ത വിദേശ ശക്തികൾ, കേരളീയരെ തമ്മിൽത്തല്ലിനശിക്കുക എന്ന ദുരന്തമുനമ്പിലേക്കു നയിക്കുന്ന കാലമായിരുന്നു അത്. അന്ന് കേരളത്തിലെ ജനതയെ മാനസികമായും സാംസ്കാരികമായും പുനരേകീകരിച്ച ഒരു ശക്തിസ്രോതസ്സായിട്ടാണ് എഴുത്തച്ഛന്റെ കവിത അവതരിച്ചത്. അദ്ദേഹം ജീവിച്ചിരുന്ന തിരൂരിനു വളരെയകലെയല്ലാത്ത തിരുനാവായയിൽ ഓരോ രാജാക്കൾക്കുവേണ്ടി ചാവേർപ്പടയാളികൾ തമ്മിൽ വെട്ടിയും കൊന്നും വീരമൃത്യു വരിച്ചിരുന്നു; ഒരർഥത്തിൽ കേരളത്തിന്റെ ഐക്യമാണവിടെ ദീനമൃത്യു വരിച്ചുകൊണ്ടിരുന്നത്; എന്നാൽ മന്ത്രശക്തിയാർന്ന സ്വന്തം കവിതകൊണ്ട് കേരളത്തെ ഏകീകരിക്കുകയായിരുന്നു നിസ്വനും പരമസാത്വികനും ജഗത്സ്നേഹധനനുമായിരുന്ന തുഞ്ചത്തു രാമാനുജനെന്ന ഈ കവി. അദ്ദേഹത്തിന്റെ കവിതകൊണ്ടുണ്ടായ ആ നേട്ടം ഒരു തരത്തിൽ കവിതാബാഹ്യമെന്നു പറയണം. അത് എഴുത്തച്ഛനെ സ്വന്തം കവിതയെക്കാൾ വലിപ്പമുള്ള മനുഷ്യനാക്കി.

എഴുത്തച്ഛന്റെ കാലംവരെ കേരളകവിത വ്യക്തമായും രണ്ടു കൈവഴികളായിട്ടാണൊഴുകിയിരുന്നത് — തമിഴ് പ്രഭാവമുള്ള പാട്ട് ഒരു കൈവഴിയെങ്കിൽ, സംസ്കൃതത്തെ മറ്റെന്തിലും മീതെ ആദരിച്ചിരുന്ന മണിപ്രവാളം മറ്റൊരു കൈവഴിയുമായിരുന്നു. ഇവ രണ്ടിനെയും സമന്വയത്തിന്റെ വഴിയിലേക്കു കൊണ്ടുവന്ന്, മലയാളത്തിന്റെ സ്വത്വം മാനിക്കപ്പെടുകയും ആത്മസത്ത പ്രകാശിതമാവുകയും ചെയ്യുന്ന പുതിയൊരു സർഗാത്മകതയുടെ ശീലും ശൈലിയും ഭാവപ്രകർഷവുമായിത്തീർന്നൂ എഴുത്തച്ഛന്റെ കവിത. അത് ഭാഷയെയും ഭാഷാ കവിതയെയും പല കെടുതികളിൽ നിന്നും രക്ഷിച്ചു. സംസ്കൃത തമിഴ്മൊഴികളെ എങ്ങനെ എത്രമാത്രം കൊള്ളണം, മലയാണ്മയുടെ സ്വത്വത്തെയും സ്വാതന്ത്ര്യത്തെയും എങ്ങനെ നിലനിർത്തണം, പൂർവകാലകൃതികളിലെ ജനസമ്മതി നേടാത്ത വികലപ്രയോഗങ്ങളെ എങ്ങനെ തള്ളണം — തുടങ്ങിയ കാര്യങ്ങളിൽ എഴുത്തച്ഛന് തന്റേതായ വീക്ഷണമുണ്ടായിരുന്നു. സ്വന്തം കൃതികളിലൂടെ ആചാര്യൻ അത് വ്യക്തമാക്കുകയാണുണ്ടായത്. തമിഴ് പാരമ്പര്യത്തിൽ നിന്ന് നിലനിർത്താവുന്നവയെ നിലനിർത്തി, സംസ്കൃതത്തിന്റെ അക്ഷയഖനികളിൽ നിന്ന് കൈക്കൊള്ളാവുന്നവയെയെല്ലാം മലയാളത്തിന്റേതാക്കി, ജീവദ്ഭാഷയുടെ ഘടനയെ താറുമാറാക്കാത്ത സാഹിത്യഭാഷയ്ക്ക് രൂപം നൽകി. ഈ പ്രക്രിയയിൽ അസാമാന്യമായ പാകവിജ്ഞാനമാണ് എഴുത്തച്ഛൻ പ്രകടിപ്പിച്ചത്. അങ്ങനെ ചില വലിയകവികളുടെ നല്ല കൃതികൾക്കുപോലും സാർവത്രികവും സാർവജനീനവുമായ സമ്മതിയും ആദരവും നേടുന്നതിന് വിഘാതമായിനിന്ന ഭാഷാപ്രശ്നങ്ങൾക്ക് സർഗാത്മകമായ പരിഹാരം കാണലായിത്തീർന്നൂ എഴുത്തച്ഛന്റെ രചനകൾ. കേരളീയർക്കാകമാനം നെഞ്ചേറ്റി ലാളിക്കാൻ പാകത്തിനുള്ള ഒരു കാവ്യഭാഷയും ശൈലിയും രൂപപ്പെട്ടു വന്നു.

അടിയാരെക്കുറിച്ചൊരുകരുണയും
കഠിനദുഷ്ടരോടെഴുന്ന കോപവും
മടുമൊഴിമാരിൽ വളർന്ന രാഗവും
കലഹം കണ്ടൊരദ്ഭുതരസങ്ങളും
ചപലന്മാരൊടു കലർന്ന ഹാസവും
എതിരിടുന്നോർക്കു ഭയങ്കരത്വവും
പലവുമിങ്ങനെ നവനവരസ-
മിടയിടക്കൂടിക്കലർന്ന നേത്രവും
മകരകുണ്ഡലം പ്രതിബിംബിക്കുന്ന
കവിൾത്തടങ്ങളും മുഖസരോജവും
വിയർപ്പുതുള്ളികൾ പൊടിഞ്ഞ നാസിക,
സുമന്ദഹാസവുമധരശോഭയും

തുളസിയും നല്ല സരസിജങ്ങളും
ഇളതായീടിന തളിരുകളുമാ-
യിടകലർന്നുടനിളകും മാലകൾ
തടയും മുത്തുമാലകളും കൗസ്തുഭ-
മണിയും ചേരുന്ന ഗളവും ചമ്മട്ടി
പിടിച്ചൊരു കരതലവും കുങ്കുമം
മുഴുക്കെപ്പൂശിന തിരുമറുമാറും
നിറഞ്ഞ മഞ്ഞപ്പൂന്തുകിലും കാഞ്ചികൾ
പദസരോരുഹയുഗവുമെന്നുടെ
ഹൃദയം തന്നിലങ്ങിരിക്കുംപോലെയ-
മ്മണി രഥം തന്നിലകം കുളിർക്കവേ
മണിവർണ്ണൻ തന്നെ തെളിഞ്ഞുകണ്ടു ഞാൻ.

സാമാന്യാധികം പ്രശസ്തിയും പ്രചാരവുമാർജിച്ച പാർഥസാരഥീവർണന തന്നെ ഇവിടെ എടുത്തു കാട്ടുന്നത് മനപ്പൂർവമാണ്. ഇതിൽ, കഠിനദുഷ്ടർ, കോപം, രാഗം, കലഹം, അദ്ഭുതരസം, ചപലൻ, ഹാസം, ഭയങ്കരത്വം, നവനവരസം, നേത്രം, മകരകുണ്ഡലം, പ്രതിബിംബം, മുഖസരോജം, നാസിക, സുമന്ദഹാസം, അധരശോഭ, തുളസി, സരസിജം, കൗസ്തുഭമണി, ഗളം, കരതലം, പദസരോരുഹയുഗം, ഹൃദയം, മണിരഥം, മണിവർണ്ണൻ ഇങ്ങനെ ഇരുപത്തിനാലുവരികളിലായി ഇരുപത്തിയഞ്ചിൽപ്പരം സംസ്കൃതപദങ്ങൾ കണ്ടെത്താം. താരതമ്യേന സരളമധുരവും ഏതു മലയാളിക്കും രസിക്കുന്നതുമായ ഒരു ഖണ്ഡത്തിൽത്തന്നെ ഇത്രയധികം സംസ്കൃതപദങ്ങളുണ്ടെങ്കിൽപ്പോലും, ചമ്പൂകാരന്മാരുടെയും മറ്റ് മണിപ്രവാളകാരന്മാരുടെയും കൃതികളിലെ സംസ്കൃത പ്രാഭവം ഇവിടെ ഉള്ളതായിത്തോന്നുന്നില്ല. കാരണം, സംസ്കൃതപദങ്ങൾ മലയാളത്തിന്റെ വാർപ്പിലാണ് അല്ലെങ്കിൽ മൂശയിലാണ് വാർന്നു വീണിരിക്കുന്നത്. മലയാളപദങ്ങളുമായി കൈകോർത്ത് അഭേദത്വപ്രതീതിയുളവാക്കാൻ തക്കവിധം സംസ്കൃതപദങ്ങൾ മലയാളത്തിന്റെ വിഭക്ത്യന്തം ചേർന്നും മലയാളരീതിയിൽ സമുച്ചയിക്കപ്പെട്ടും ഇവിടെ നിലകൊള്ളുന്നു. മലയാളത്തിന്റെ സ്വത്വത്തിലേക്ക് സംസ്കൃതപദങ്ങൾ അലിഞ്ഞുചേരുന്നു. മുൻപുള്ള ചില കവികളിലും (ഉദാ: ചെറുശ്ശേരി) ഈ ലയമാധുര്യം നമുക്കനുഭവപ്പെട്ടിട്ടുണ്ടെങ്കിലും, അതിന്റെ സാന്ദ്രതയും ആഹ്ളാദകാരിത്വവും ഏറ്റവുമധികമനുഭവപ്പെടുന്നത് " എഴുത്തച്ഛന്റെ കണക്കിൻ" പ്രകാരമുള്ള ആ കാവ്യഭാഷയിലാണ്. ഇനി സംസ്കൃതവിഭക്ത്യന്തങ്ങളായ പദങ്ങൾതന്നെ ഒട്ടേറെ നിരന്നുവരുന്ന ഒരു ഖണ്ഡമെടുക്കാം.

"ഭദ്രയാം സുഭദ്രയെ ചിന്തിച്ചുചിന്തിച്ചവൻ
നിദ്രയും വെടിഞ്ഞുപോയദ്രിപുംഗവതടേ
രമ്യകാനനദേശേ നിർമലശിലാതലേ
മന്മഥവിവശനായ് ധർമജാനുജൻ പുക്കാൻ-"

ഇതിൽ തടേ, ദേശേ, ശിലാതലേ എന്നിങ്ങനെ സപ്തമീ വിഭക്ത്യന്തശബ്ദങ്ങൾ കാണുന്നുവെങ്കിലും, ഈ നാലുവരിയും ചേർത്തുവായിക്കുമ്പോൾ, മലയാളിക്ക് അന്യവത്കൃതമായ ഒരു ഭാഷയുടെ പ്രതീതിയുണ്ടാവുന്നില്ല. അത്രമാത്രം ലളിതമായ സംസ്കൃതശബ്ദങ്ങളാണവ. ഇന്നും നമ്മുടെ സംഭാഷണത്തിൽ "മനസാ വാചാ" എന്നൊക്കെ കടന്നുവരുന്നില്ലേ? - അതുപോലെ - അത്രമാത്രം. അങ്ങനെ അന്യമെന്നു തോന്നാത്തവിധം സംസ്കൃതഭാഷാസമന്വയമാണ് സാമാന്യമായി എഴുത്തച്ഛന്റെ ഭാഷയിൽ കാണാവുന്നത്. നേരത്തേതന്നെ ഈ പ്രവണതയുണ്ടായിരുന്നു എന്ന് കണ്ണശ്ശകൃതികളിലെയും മറ്റും ചില ഭാഗങ്ങൾ തെളിയിക്കുന്നുണ്ട്:

ഉദാ:

പുഷ്പിതദിവ്യലതാദികൾ തോറും
പോയ് മധുപാനമഹോത്സവമാടിയ
ഷട്പദകോകിലകോലാഹലമൊടു
സകലമനോഹരമായിതു വിപിനം.
പുഷ്പശരൻതാനും പുനരവിടെ-
പ്പുക്കാൻ മുനിധൈര്യം കളവാനാ-
യദ്ഭുതമായൊരു കുയിലായിന്ദ്രനു-
മരിയ തപോധനനരികു പുകുന്താൻ

**(കണ്ണശ്ശരാമായണം)**

ഈ പ്രവണത പൂർണശോഭമായത് എഴുത്തച്ഛന്റെ കാവ്യഭാഷയിലാണ്. "ചക്ഷു: ശ്രവണഗളസ്ഥമാം ദർദുരം" എന്നും മറ്റും എഴുത്തച്ഛൻ പ്രയോഗിക്കുന്നുണ്ട് — ഭാഷയ്ക്ക് ഓജസ്സും തേജസ്സുമിയ

റ്റുന്ന അത്തരം പ്രയോഗങ്ങൾ എഴുത്തച്ഛനിൽ നിന്ന് ഈ നൂറ്റാണ്ടിലെ കവിതയിലെത്തിയാലും നമുക്ക് കാണാൻകഴിയും - "നീഹാരശീകരമനോഹരമന്ത്യ ഹാര"വും, 'ദൂരദർശനകൃശ'വും, 'അന്തശ്ചന്ദ്രശരദ് ഘനാഭ'യും 'ക്രമശോണസ്ഫടികവളകളും', "സനാതനാനുക്ഷണവികസ്വരസുന്ദരപ്രപഞ്ചാദികന്ദ"വും വരെ അങ്ങനെ ആ പ്രവണത നൂറ്റാണ്ടുകൾക്കു ശേഷവും മലയാളകവിതയ്ക്കു പഥ്യമായി. എങ്കിലും "പുളിയില നേർ കരമുണ്ടു മടക്കി- പ്പൂവു നിറച്ചാളമ്മാളു" എന്ന ശൈലിയാണ് ഈയടുത്ത കാലത്തും കവികൾക്കിഷ്ടമായിരുന്നത് - ആ ലാളിത്യം എഴുത്തച്ഛനും പഥ്യം തന്നെയായിരുന്നു. രാമായണത്തിലെ

"നാടുവാഴേണം ഭരതനെന്നാകിൽ നീ
കാടുവാഴേണമെന്നുണ്ടോ വിധിമതം?"

എന്ന ഈരടിപോലെയും, ഭാരതത്തിലെ

"നല്ലതുമാകാത്തതും ചൊല്ലുവൻ; ചൊന്നാൽ
കേൾക്ക-
യില്ലനീ,യതുകൊണ്ടു ചൊല്ലുവാൻ മടിയാകും.
നല്ലതു പാണ്ഡവർക്കു നാടുപാതിയും നല്കി-
യല്ലൽ തീർന്നിരിക്കതാ,നല്ലായ്കിൽ സുതന്മാരെ-
ക്കൊല്ലുമേ പാണ്ഡവന്മാരില്ല സംശയമേതും ...."

**(വിദുരവാക്യം)**

"കാടു വാഴുകയൊഴിഞ്ഞിങ്ങു പാണ്ഡവർ വന്നു
നാടുവാഴുകിലെയ്തു കൊല്ലുക മടിയാതെ.
ഉറ്റവരായ നിങ്ങൾ മറ്റൊന്നും പറയേണ്ട
കുറ്റങ്ങളൊഴിഞ്ഞില്ല മറ്റൊന്നുമെനിക്കിപ്പോൾ-"

**(സുയോധനന്റെ മറുപടി)**

എന്നീ വരികൾ പോലെയും നല്ല നാട്ടുമൊഴികൾ നിരനിരന്നുവരുന്ന ശൈലിയും തുഞ്ചൻകൃതികളിൽ കാണാവുന്നതാണ്.

എഴുത്തച്ഛന്റെ കൃതികൾ കേരളീയന്റെ ഹൃദയത്തിലേക്ക് സുഗമമായി കടന്നു ചെല്ലാവുന്ന ഒരു ഭാഷാശൈലിക്കുവേണ്ടിയുള്ള അന്വേഷണവും, ഒപ്പം അതിന്റെ രമ്യപരിണതിയുമാണ്. ആധുനിക കാവ്യഭാഷയ്ക്ക് അടിത്തറയുറപ്പിച്ചത് എഴുത്തച്ഛൻ തന്നെയാണ്. രാമായണഭാരതങ്ങളിലേതുഭാഗത്തും ആ കാവ്യഭാഷയുടെ കരുത്തും കാന്തിയും നമുക്ക് അനുഭവവേദ്യമാകും.

**എഴുത്തച്ഛൻ] [ഒ.എൻ.വി. കുറുപ്പ്**

## അവധാരണചോദ്യങ്ങൾ

- കേരളചരിത്രത്തിൽ എഴുത്തച്ഛൻകൃതികൾ ചെലുത്തിയ സ്വാധീനം എന്ത് ?
- എഴുത്തച്ഛൻകവിത ഭാഷയെയും ഭാഷാകവിതയെയും ഏതെല്ലാം കെടുതികളിൽ നിന്നാണ് രക്ഷിച്ചത്?
- എഴുത്തച്ഛന്റെ കാവ്യഭാഷയുടെ സവിശേഷതകൾ എന്തെല്ലാം?
- ശ്രീരാമായണ ഗാനഗന്ധർവൻ എന്ന വിശേഷണം എഴുത്തച്ഛനെ സംബന്ധിച്ചിടത്തോളം സത്യവാക്കാണെന്നു പറയുന്നത് എന്തുകൊണ്ട്?
- കവിതയുടെ മഹത്ത്വത്തെ നിർണയിക്കുന്ന കാവ്യബാഹ്യമായ ഘടകങ്ങൾ ഏതെല്ലാം?
- എഴുത്തച്ഛൻകൃതികളിലൂടെ കടന്നുപോകുമ്പോൾ മുഴങ്ങിക്കേൾക്കുന്ന വിജ്ഞാപനം എന്ത്? അതിന്റെ പൊരുൾ എന്ത്?

■

# 3. രാവണൻ പിടിച്ച പുലിവാല്



തപസ്സുകൊണ്ടും ശൗര്യം കൊണ്ടും വരങ്ങൾ നേടി. ദേവന്മാരിലും അസുരന്മാരിലും ഭീതി വളർത്തി. രാവണന് അഹങ്കാരമേറിയതിൽ അദ്ഭുതമുണ്ടോ. നാരദൻ ഇതൊക്കെ കൗതുകത്തോടെ വീക്ഷിക്കുകയായിരുന്നു. ഈ അഹങ്കാരം ഒന്നു ശമിപ്പിച്ചിട്ടു തന്നെ കാര്യം. നാരദനെ കണ്ടപ്പോൾ തന്റെ പരാക്രമങ്ങൾ വർണിച്ചു കേൾപ്പിക്കാൻ രാവണനു തിടുക്കമായി. അപ്പോഴാണ് ഒരു വാനരന്റെ ധിക്കാരത്തെക്കുറിച്ച് നാരദൻ പറയാൻ തുടങ്ങിയത്. രാവണനെ ആദരിക്കാത്ത ഒരു വാനരനോ! അയാളെ ഒരു പാഠം പഠിപ്പിക്കുക തന്നെ. സൂര്യനമസ്കാരത്തിൽ മുഴുകിയിരുന്ന ബാലിയെ നാരദൻ അകലെ നിന്നു കാട്ടിക്കൊടുത്തതേയുള്ളു.

പ്രൗഢനാം നാരദന്റെ ചാടുമൊഴികൾ കേട്ടു
മൂഢമതിയാമവൻ രൂഢമദനായ്ത്തീർന്നു;
പ്രൗഢബലൻ ബാലീടെ പാടവമോർത്തീടാതെ
ചാടിച്ചെന്നക്കപീന്ദ്രനോടങ്ങടുത്തു മെല്ലെ;
കൂടെക്കൂടവേ മുനിയോടു കടാക്ഷിക്കയും
ഓടിച്ചെന്നടുക്കയും പേടിച്ചിങ്ങൊഴിക്കയും

ഇങ്ങനെ പലവട്ടമോങ്ങിയുമുടനിങ്ങു-
വാങ്ങിയുമുള്ളിൽ ഭയം തിങ്ങിയുമത്ര കണ്ടാൻ;
ചങ്ങാതിയാകും മുനി തിങ്ങിന രസംപൂണ്ടു
ഭംഗിയിൽ പറയുന്നു "ലാംഗുലം പിടി"യെന്നും;
തൊണ്ടൻരാവണനൊന്നും മിണ്ടാതടുത്തു പിമ്പേ
നീണ്ടുതടിച്ച വാൽ കരംകൊണ്ടു പിടിച്ചുപോയ്.

ഒരു കൈകൊണ്ടാ വാനരവരനുടെ
പെരിയൊരു വാലുപിടിച്ചൊരു സമയേ
ഹരിയൊരു സംശയമെന്യേ കരമതു
വരിയുന്നൂ നിജ വാലതുകൊണ്ട്;
അതുനേരം ദശകന്ധരനവനൊരു
ചതിവുപിണഞ്ഞൊരു ഭാവത്തോടെ
ചതുരൻ മുനിയുടെ മുഖമതു നോക്കി-
ഗ്ഗതിയിനിയെന്തെന്നിതി കാട്ടുന്നു;
ഇനി മറ്റേക്കൈകൊണ്ടു പിടിപ്പാൻ
മുനി തെറ്റെന്നു വിളിച്ചുപറഞ്ഞു ;
നിനവേറ്റം കുറയുന്നൊരു രാവണ-
മനമേറ്റം പുനരൊന്നു തെളിഞ്ഞു;
രണ്ടാമത്തെക്കൈകൊണ്ടഥ ദശ-
കണ്ഠൻ വാലു പിടിച്ചൊരു സമയേ
രണ്ടു കരങ്ങളുമൊരുമിച്ചഥ വാൽ
കൊണ്ടു മുറുക്കിവരിഞ്ഞിതു ബാലി;
"രണ്ടു കരം പണയത്തിലതായതു
കണ്ടില്ലേയിന്നെന്റെ മുനീന്ദ്രാ!
ചെണ്ട പിണപ്പാൻതന്നേ നമ്മെ-
ക്കൊണ്ടിഹ പോന്നു ഭവാനിവിടേക്ക്."
ഇണ്ടലൊടിങ്ങനെ രാവണഭാവം
കണ്ടു രസിച്ചു മുനീശ്വരനൂചേ:
"നീണ്ടുതടിച്ചൊരു കൈകളതിരുപതു
കൊണ്ടും തെരുതെരെയങ്ങു പിടിക്ക."

നാരദമുനിയുടെ വാക്കുകൾ കേട്ടതി-
നീരസികൻ നിശിചാരികുലേന്ദ്രൻ
ഇരുപതു കൈകൾകൊണ്ടും പരിചൊടു
തെരുതെരെ വാലു പിടിച്ചൊരു സമയേ
രാത്രിഞ്ചരനുടെ ഗാത്രമശേഷം
കോർത്തുവലിച്ചു വരിഞ്ഞിതു വാലാൽ
തീർഥസ്നാനം ചെയ്യിപ്പിച്ചു കൃ-
താർഥനതായിതു ബാലിയുമപ്പോൾ.

**ബാലിവിജയം]** **[കുഞ്ചൻ നമ്പ്യാർ**

## അവധാരണചോദ്യങ്ങൾ

- രാവണൻ രൂഢമദനായിത്തീരാൻ കാരണമെന്ത്?
- രാവണന്റെ ഭീരുത്വം പ്രകടമാകുന്നത് എങ്ങനെ?
- നാരദൻ വർധിച്ച രസത്തോടെ പറഞ്ഞത് എന്ത്?
- രാവണന്റെ മനസ്സ് വീണ്ടും തെളിഞ്ഞത് എപ്പോൾ?
- തനിക്ക് 'ചെണ്ട പിണഞ്ഞു' എന്ന് രാവണനു തോന്നാൻ കാരണമെന്ത്?
- രാവണൻ തീർഥസ്നാനം ചെയ്യാൻ ഇടയായത് എങ്ങനെ?

■

## പഠനപ്രവർത്തനങ്ങൾ

### ☐ ഔചിത്യം കണ്ടെത്തുക

- “സൂര്യനു കീഴിൽ സ്വന്തം ഭാഷയും ദേശവും നിലനിൽക്കുന്നേടത്തോളം, ആ കവിതയുടെ കർത്താവും യശോരൂപനായി നിലനിൽക്കു മെന്നതിന്റെ ലളിതമായൊരുദാഹരണമാണ് എഴുത്തച്ഛൻ.”
- തീർഥസ്നാനം ചെയ്യിപ്പിച്ചു കൃ-
താർഥനതായിതു ബാലിയുമപ്പോൾ.

### ☐ ആസ്വാദനം എഴുതുക

- പാരിച്ചുനിന്നുള്ള പാഴമ ചെയ്കയാൽ
പാശത്തെക്കൊണ്ടു പിടിച്ചുകെട്ടി
തിണ്ണം വലിച്ചു മുറുക്കി ഞാൻ നിൽക്കയാൽ
ഉണ്ണിപ്പൂമേനിയിൽ പുണ്ണില്ലല്ലീ?
- രണ്ടുകരം പണയത്തിലതായതു
കണ്ടില്ലേയിന്നെന്റെ മുനീന്ദ്രാ!
ചെണ്ടപിണപ്പാൻതന്നേ നമ്മെ-
ക്കൊണ്ടിഹ പോന്നു ഭവാനിവിടേക്ക്.

### ☐ ഉപന്യാസം തയാറാക്കുക

താഴെ കൊടുത്തിട്ടുള്ള വരികളെ അടിസ്ഥാന മാക്കി എഴുത്തച്ഛൻകവിതയിലെ തത്ത്വചിന്തയെക്കുറിച്ച് ഉപന്യാസം എഴുതുക.

- ദോഷങ്ങളൊക്കവേ ദേഹാഭിമാനിനാം
രോഷേണ വന്നു ഭവിക്കുന്നതോർക്ക നീ
ദേഹോഹമെന്നുള്ള ബുദ്ധി മനുഷ്യർക്കു
മോഹമാതാവാമവിദ്യയാകുന്നതും
ദേഹമല്ലോർക്കിൽ ഞാനായതാത്മാവെന്നു
മോഹൈകഹന്ത്രിയായുള്ളതു വിദ്യ കേൾ
സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതു വിദ്യയും
**(രാമായണം കിളിപ്പാട്ട്)**
- മാതാപിതൃഭ്രാതൃമിത്രസഖികളെ
ക്രോധം നിമിത്തം ഹനിക്കുന്നിതു പുമാൻ
ക്രോധ മൂലം മനസ്താപമുണ്ടായ് വരും
ക്രോധ മൂലം നൃണാം സംസാരബന്ധനം
**(രാമായണം കിളിപ്പാട്ട്)**
- പാന്ഥർ പെരുവഴിയമ്പലംതന്നിലേ
താന്തരായ്‌വന്നുടൻ കൂടുമൊരുനേരം
ഓരോകഥയും പറഞ്ഞുരസിച്ചവർ
പാരം മഴതാൻ വെയിൽതാനിരുട്ടുതാൻ
പോവോളമൊന്നിച്ചിരുന്നാലൊരോ വഴി
പോവോരവരവർ മുമ്പുപിമ്പെന്തതിൽ?
പക്ഷികളൊക്കെപ്പലവഴി വന്നൊരു
വൃക്ഷത്തെയാശ്രയിച്ചൊട്ടുനേരം വസി-
ച്ചൊക്കെയോരോ വഴി പിന്നെപ്പറന്നുപോം
ദുഃഖിക്കുമാറില്ലതിന്നവരാരുമേ.
(മഹാഭാരതം കിളിപ്പാട്ട്)

### ☐ കുറിപ്പു തയാറാക്കുക

താഴെ കൊടുത്തിട്ടുള്ള കവിതാഭാഗങ്ങൾ പരിശോധിച്ച് അവ ഓരോന്നും കവിതയിലെ ഏതേതു സവിശേഷതകളെ കുറിക്കുന്നുവെന്നു കണ്ടെത്തി വിശദീകരിക്കുക. (ഭക്തി, കേരളീയത, ഫലിതം തുടങ്ങിയവ)

- തിരുമുടി ജടയുടെ നടുവിൽ വിളങ്ങി-
പ്പരിചൊടു കാണുവതെന്തൊരു വസ്തു?
ഹരനുരചെയ്തിതു നമ്മുടെ ജടയിൽ
പെരുകിന വെള്ളം വേർപെടുകില്ല.
കുരള കഥിക്കരുതെന്നൊടു നാഥാ
സരസം മുഖമിഹ കാണാകുന്നു.
മുഖമല്ലതഹോ ജലമതിലുളവാം
വികസസരോജമതെന്നുവരേണം.
വികസസരോജേ കുറുനിര നികരം
പരിചൊടുകാൺമാനെന്തവകാശം?
കുറുനിരയല്ലതു മധുപാനത്തിനു
വരിവണ്ടുകൾ വന്നിണകൂടുന്നു.

**(നളചരിതം)** **(കുഞ്ചൻ നമ്പ്യാർ)**

- പത്മനാഭൻ ജഗന്മംഗലൻ കേശവൻ
പത്മവിലോചനൻ നാരായണൻ പരൻ
ഭക്തിയുള്ളോരുടെ ചിത്തത്തിൽ മേവുന്ന
ഭക്തപ്രിയൻ പരമേശ്വരനച്യുതൻ
ജന്മവും നാശവുമില്ലാത മംഗലൻ
നിർമലൻ ധർമസ്ഥിതികരൻ നിർമമൻ
മായാമനുഷ്യനായ് വന്നിഹഭൂമിയിൽ
മായാമയമായ കർമങ്ങൾ കാട്ടുവോൻ
വൃഷ്ണികുലത്തിൽ പിറന്നു വളർന്നൊരു

കൃഷ്ണനാകുന്നതു വിഷ്ണു നിരന്തരം.
ജിഷ്ണുവിൻ തേരുനടത്തിയ ഗോപതി
ജിഷ്ണു മുഖാമരസേവ്യനാമവ്യയൻ
നിത്യമാകുന്നതു മിഥ്യ മറ്റൊക്കെയു-
മിത്ഥം നിരൂപിച്ചു തച്ചരണാംബുജം
ചിത്തത്തിലമ്പോടുറപ്പിച്ചുകൊൾക നീ
മുക്തിവരുവാനതെന്നിയില്ലേതുമേ

**(മഹാഭാരതം - സ്ത്രീപർവം) (എഴുത്തച്ഛൻ)**

- തുമ്പക്കുസുമത്തിനൊത്തൊരു തണ്ഡുലം
സംഭരിച്ചീടിനാനേറ്റം ധനേശ്വരൻ.
സദ്യയ്ക്കു വേണ്ടുന്ന വസ്തുക്കളൊക്കെയു-
മുദ്യോഗമുള്ള ജനങ്ങൾ വരുത്തിനാർ;
നീളെ നെടുമ്പുര കെട്ടി ശ്രമിപ്പതി-
നാളുകളെയും ക്ഷണിച്ചുവരുത്തിനാൻ;
ചോറ്റിനു വേണ്ടും കറിസാധനങ്ങളു-
മേറ്റം പലതരം തത്ര വരുത്തിനാൻ.
..................................................................
വെട്ടുവഴികളടിച്ചു തളിച്ചതിൽ
പട്ടുകൾ നീളെ വിരിച്ചുകൊണ്ടീടണം;
നാലു നിറമുള്ള പട്ടുകൾ കൊണ്ടഥ
മേലേ വിതാനം ചുരുക്കരുതൊട്ടുമേ!
രണ്ടു പുറത്തും നിറപറ ദീപവും
രണ്ടു ലക്ഷം കുലവാഴയും വെക്കണം.

**(ഗണപതിപ്രാതൽ) (കുഞ്ചൻ നമ്പ്യാർ)**

## ☐ ശീർഷകത്തിന്റെ ഔചിത്യം വിശദമാക്കുക

- രാവണൻ പിടിച്ച പുലിവാൽ
- നേരായിത്തീർന്ന കിനാവുകൾ

## ☐ കാവ്യസങ്കല്പം

ചുവടെ കൊടുത്തിട്ടുള്ള വരികളെ അടിസ്ഥാനമാക്കി ഓരോ കവിയുടെയും കാവ്യസങ്കല്പം വിവരിക്കുക?

- ഭടജനങ്ങടെ നടുവിലുള്ളൊരു
പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരള-
ഭാഷതന്നെ ചിതംവരൂ.
..................................................................
ചിരിക്കുന്ന കഥ കേട്ടാലിരിക്കും
ആയതല്ലെങ്കിൽ-
ത്തിരിക്കുമങ്ങനെ ഭാവിച്ചിരിക്കുന്ന ഭടന്മാരെ...
..................................................................
ഒരുത്തർക്കും ലഘുത്വത്തെ
വരുത്തുവാൻ മോഹമില്ല
ഒരുത്തന്നും ഹിതമായിപ്പറവാനും ഭാവമില്ല
..................................................................
വലിപ്പമുള്ളവർകൾക്കും
വയസ്സുചെന്നവർക്കും നൽ-
ക്കുലത്തിലുള്ളവർകൾക്കും
നാരിമാർക്കും ശിശുക്കൾക്കും
ചിരിപ്പാൻ സംഗതിയുള്ള
കവിതകൾ ചൊല്ലിയാൽ കേ-
ട്ടിരിപ്പാനാഗ്രഹമുണ്ടാ,
മെന്നിയേ സൽക്കഥ കേട്ടാൽ
തിരിപ്പാനെന്തൊരു മാർഗ-
മെന്നു നോക്കുന്നവരേറും.

(കുഞ്ചൻ നമ്പ്യാർ)

- കാരണനായ ഗണനായകൻ ബ്രഹ്മാത്മകൻ
കാരുണ്യമൂർത്തി ശിവശക്തി സംഭവൻ ദേവൻ
വാരണമുഖൻ മമ പ്രാരബ്ധവിഘ്നങ്ങളെ
വാരണം ചെയ്തീടുവാനാവോളം വന്ദിക്കുന്നേൻ.
വാണീടുകനാരതമെന്നുടെ നാവുതന്മേൽ
വാണിമാതാവേ! വർണവിഗ്രഹേ! വേദാത്മികേ!
നാണമെന്നിയേ മുദാ നാവിന്മേൽ നടനം ചെയ്-
കേണാങ്കാനനേ! യഥാ കാനനേ ദിഗംബരൻ.
വാരിജോത്ഭവമുഖവാരിജവാസേ! ബാലേ!
വാരിധി തന്നിൽ തിരമാലകളെന്നപോലെ
ഭാരതീ! പദാവലി തോന്നേണം കാലേകാലേ
പാരാതെ സലക്ഷണം മേന്മേൽ മംഗലശീലേ!
..................................................................
വേദസമ്മിതമായ് മുമ്പുള്ള ശ്രീരാമായണം
ബോധഹീനന്മാർക്കറിയാംവണ്ണം
ചൊല്ലീടുന്നേൻ.
..................................................................
ഭാരതം ചൊല്ലുന്നോർക്കും ഭക്തരായ്
കേൾക്കുന്നോർക്കും
പാരാതെ ഗതിവരുമെന്നരുൾ ചെയ്തു മുനി.

**(എഴുത്തച്ഛൻ)**

## ◻ വൃത്തം കണ്ടെത്തുക

താഴെ കൊടുത്തിട്ടുള്ള കവിതാഭാഗങ്ങൾ താളത്തിൽ ചൊല്ലി വൃത്തം കണ്ടെത്തുക. സമാനതാളത്തിൽ വരികൾ നിർമിക്കുക.

മാതൃക:

അങ്കണത്തൈമാവിൽനിന്നാദ്യത്തെപ്പഴം വീഴ്കെ-
യമ്മതൻ നേത്രത്തിൽനിന്നുതിർന്നൂ ചുടുകണ്ണീർ.

**(കേക)**

ചെമ്പകപ്പൂവാണീപ്പെൺപൈതൽ തന്നുടൽ
ചെമ്പനിനീർപ്പൂവിക്കൊച്ചു മുഖം.

**(മഞ്ജരി)**

എത്ര കുടിക്കിലും ദാഹംകെടാത്തപോ-
ലെന്തും ചെലുത്തുന്ന വായ പിളർത്തിയും
തീരങ്ങൾ തല്ലിത്തകർത്തുമിരമ്പുന്ന
ഘോരാർണവമാണു നിങ്ങൾക്കു മുൻവശം.

**(കാകളി)**

നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു-
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിടു-
മോണക്കോടിയുടുത്തൊരുഷസ്സേ,
പനിനീരാൽ കഴികിക്കൂ കാലുകൾ,
മണിപീഠത്തിലിരുത്തൂ മന്നനെ,
മലയാളത്തറവാട്ടിന്നങ്കണ-
മണിപീഠത്തിലിരുത്തൂ, ഞങ്ങടെ
കൊച്ചുകിനാവുകൾ തേടിയലഞ്ഞു മ-
ലർക്കളമെഴുതിക്കാത്തോരരചനെ !

**(തരംഗിണി)**

- ശീതം തഴച്ചോരു ഹേമന്തകാലവു-
  മാമന്ദം പോന്നിങ്ങു വന്നുതപ്പോൾ.
  പാലാഴിത്തൂവെള്ളം തൂകുന്ന പോലെ നൽ-
  പ്രാലേയം തൂകിത്തുടങ്ങീതെങ്ങും.

- നല്ല മരതകക്കല്ലിനോടൊത്തൊരു
  കല്യാണരൂപൻ കുമാരൻ മനോഹരൻ
  ചൊല്ലേഴുമർജുനൻ തന്റെ തിരുമകൻ
  വല്ലവീവല്ലഭാ, നിന്റെ മരുമകൻ.
  കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻ തന്നെ നീ
  കൊല്ലിക്കയത്രേ നിനക്കു രസമെടോ.

- വനദേവതമാരേ! നിങ്ങളുമുണ്ടോ കണ്ടൂ
  വനജേക്ഷണയായ സീതയെ സത്യം ചൊൽവിൻ.
  മൃഗസഞ്ചയങ്ങളേ! നിങ്ങളുമുണ്ടോ കണ്ടൂ
  മൃഗലോചനയായ ജനകപുത്രി തന്നെ?
  പക്ഷിസഞ്ചയങ്ങളേ! നിങ്ങളുമുണ്ടോ കണ്ടൂ
  പക്ഷ്മളാക്ഷിയെ മമ ചൊല്ലുവിൻ പരമാർഥം.

- അണിമതികലയും സുരവാഹിനിയും
  ഫണിപതിഫണഗണമണികളുമണിയും
  ഗുണഗണമേറിന പുരിചിടയുടയോൻ
  പ്രണതശിവങ്കരനഗജാരമണൻ
  കരിണീവടിവു ചമഞ്ഞു വിളങ്ങിന
  തരുണീമണിയാം ഗിരിസുതയാ സഹ
  കരിവരവേഷം പൂണ്ടൊരു ദിവസം

## ◻ പ്രബന്ധം തയാറാക്കുക
(ഏതെങ്കിലും ഒന്ന്)

വിഷയം:

- കുഞ്ചൻ നമ്പ്യാരും മലയാളസാഹിത്യവും.

സൂചനകൾ:

തുള്ളൽ പ്രസ്ഥാനം - ഫലിതം - കേരളീയത - സാമൂഹിക വിമർശനം - ഭാഷാരീതി.

- ചെറുശ്ശേരിയുടെ വർണനാപാടവം.

സൂചനകൾ:

അലങ്കാരപ്രയോഗങ്ങൾ - വാങ്മയചിത്രങ്ങൾ - ലളിതഭാഷ.